**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1204** **07-12-2022 - ൽ മറുപടിയ്ക്ക്**

**പയ്യന്നൂർ മണ്ഡലത്തിലെ കുടിവെള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | പയ്യന്നൂർ മണ്ഡലത്തിലെ പയ്യന്നൂർ നഗരസഭയുടെ കുടിവെള്ള പദ്ധതിക്കായുള്ള കിണർ നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (എ) | കിണർ നിർമ്മാണ പ്രവൃത്തി നാട്ടുകാരുടെയും പഞ്ചായത്തിന്റെയും എതിർപ്പ് മൂലം ആരംഭിക്കുവാൻ സാധിച്ചിട്ടില്ല. Work order നൽകുകയും, എഗ്രിമെന്റ് നം.10/2020-21/SE/PHC/KNR പ്രകാരം കരാറുകാരൻ 18/06/2020-ൽ എഗ്രിമെന്റ് വെക്കുകയും ചെയ്തിരുന്നു. എന്നാൽ, 2022-ലും പ്രവൃത്തി ആരംഭിക്കുവാൻ സാധിക്കാത്തതിനാൽ സാധന സാമഗ്രികളുടെ വിലയിൽ വന്ന വർദ്ധനവ് കാരണവും, പ്രവൃത്തി അനിശ്ചിതമായി നീണ്ടു പോകുന്നത് കൊണ്ട്, കോൺട്രാക്ടർ ഈ പ്രവൃത്തിയിൽ നിന്ന് വിടുതൽ നൽകാൻ അപേക്ഷിച്ചതിന്റെ അടിസ്ഥാനത്തിൽ കണ്ണൂർ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ ഉത്തരവ് നം.KWA/PHC/KNR/D5-1925/2018(A) തീയതി 17/11/2022 പ്രകാരം വിടുതൽ നൽകുകയും ചെയ്തിട്ടുണ്ട്. |
| (ബി) | കിണർ നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് മന്ത്രിതലത്തിൽ യോഗങ്ങൾ ചേർന്നിട്ടുണ്ടോ; അറിയിക്കാമോ; | (ബി) | ചേർന്നിട്ടില്ല. |
| (സി) | പ്രവൃത്തി തടസ്സപ്പെടാൻ കാരണമായ കാട്ടാമ്പള്ളി പുഴയിലെ ആർ.സി.ബി. നിർമ്മാണവുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ നിലനിൽക്കുന്ന കേസിന്റെ നിലവിലെ സ്ഥിതി അറിയിക്കുമോ; | (സി) | പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട നിലവിലുള്ള എല്ലാ നടപടികളും സ്റ്റേ ചെയ്യുന്നതിനായി W.P. (C) Writ Petition No. 1217/2021 പ്രകാരം ബഹു.ഹൈക്കോടതിയെ കരാറുകാരൻ സമീപിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ കിഫ്ബിയോട് കെ.ഐ.ഐ.ഡി.സി.യുടെയും കരാറുകാരന്റെയും വാദം കേട്ട് റിപ്പോർട്ട് സമർപ്പിക്കുന്നതിന് കോടതി ആവശ്യപ്പെടുകയും കിഫ്ബി വാദം കേട്ട് റിപ്പോർട്ട് സമർപ്പിക്കുയും ചെയ്തു. എന്നാൽ 10.02.2022 ലെ കോടതി ഉത്തരവ് പ്രകാരം ഡിസൈൻ വിങ് ആയ ഐ.ഡി.ആർ.ബി.യോട് റിപ്പോർട്ട് |

| | | | |
|---|---|---|---|
| | | | സമർപ്പിക്കുന്നതിന് ആവശ്യപ്പെട്ടുകയും Irrigation Design and Research Board (IDRB) റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. കൂടാതെ, വിജിലൻസിനോടും ബഹു.കോടതി റിപ്പോർട്ട് തേടുകയുണ്ടായി. ഇതിനെ തുടർന്ന് വിജിലൻസ് വിശദമായ അന്വേഷണം നടത്തി റിപ്പോർട്ട് കോടതിയിൽ റിപ്പോർട്ട് സമർപ്പിച്ചു.<br><br>ബഹു.ഹൈക്കോടതിയിൽ നിന്നുള്ള 14/11/2022 തീയതിയിലെ ഓർഡർ പ്രകാരം ചുവടെയുള്ള രണ്ട് നിർദ്ദേശങ്ങളാണ് ഐ.ഡി.ആർ.ബി., ചീഫ് എഞ്ചിനീയർക്ക് നൽകിയിരുന്നത്.<br><br>(1) ചീഫ് എഞ്ചിനീയർ, ഐ.ഡി.ആർ.ബി. ഒരു ഉദ്യോഗസ്ഥനെ നിയോഗിച്ച്, ടിയാന്റെ സാന്നിധ്യത്തിൽ കോൺട്രാക്ടർക്ക് സൈറ്റിൽ അവശേഷിച്ച നിർമ്മാണ സാമഗ്രികൾ നീക്കം ചെയ്യാനുള്ള നടപടികൾ പ്രാവർത്തികമാക്കണം.<br><br>(2) കോൺട്രാക്ടർക്ക് ഉണ്ടായ നഷ്ടം/ചെലവ്, എത്രയെന്നു വിലയിരുത്തണം.<br><br>മേൽ പറഞ്ഞ നടപടിക്രമങ്ങൾ Irrigation Design and Research Board (IDRB) സമയബന്ധിതമായി പൂർത്തീകരിച്ച് ഇത് സംബന്ധിച്ച റിപ്പോർട്ട് 14/11/2022-ന് ബഹു.ഹൈക്കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്.<br><br>18.11.2022 തീയതിയിലെ കോടതി ഉത്തരവ് പ്രകാരം പ്രസ്തുത പ്രവൃത്തി റീടെൻഡർ ചെയ്യാൻ അനുവാദം നൽകിയിട്ടുണ്ട്. അതിൻ പ്രകാരം പുതിയ നിരക്കിൽ പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ടെൻഡർ ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) | ആർ.സി.ബി. നിർമ്മാണ പ്രവൃത്തി റീടെണ്ടർ ചെയ്യാൻ ഹൈക്കോടതി ഉത്തരവായിട്ടുണ്ടോ; വ്യക്തമാക്കാമോ? | (ഡി) | പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട നിലവിലുള്ള എല്ലാ നടപടികളും സ്റ്റേ ചെയ്യുന്നതിനായി W.P. (C) Writ Petition No. 1217/2021 പ്രകാരം ബഹു.ഹൈക്കോടതിയെ കരാറുകാരൻ സമീപിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ കിഫ്ബിയോട് കെ.ഐ.ഐ.ഡി.സി.യുടെയും കരാറുകാരന്റെയും വാദം കേട്ട് റിപ്പോർട്ട് സമർപ്പിക്കുന്നതിന് കോടതി ആവശ്യപ്പെട്ടുകയും കിഫ്ബി വാദം കേട്ട് റിപ്പോർട്ട് സമർപ്പിക്കയും ചെയ്തു. എന്നാൽ 10.02.2022 ലെ കോടതി ഉത്തരവ് പ്രകാരം ഡിസൈൻ വിങ് ആയ ഐ.ഡി.ആർ.ബി.യോട് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ആവശ്യപ്പെട്ടുകയും Irrigation |

| | | | | |
|---|---|---|---|---|
| | | | | Design and Research Board (IDRB) റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. കൂടാതെ, വിജിലൻസിനോടും ബഹു.കോടതി റിപ്പോർട്ട് തേടുകയുണ്ടായി. ഇതിനെ തുടർന്ന് വിജിലൻസ് വിശദമായ അന്വേഷണം നടത്തി റിപ്പോർട്ട് കോടതിയിൽ റിപ്പോർട്ട് സമർപ്പിച്ചു.<br><br>ബഹു.ഹൈക്കോടതിയിൽ നിന്നുള്ള 14/11/2022 തീയതിയിലെ ഓർഡർ പ്രകാരം ചുവടെയുള്ള രണ്ട് നിർദ്ദേശങ്ങളാണ് ഐ.ഡി.ആർ.ബി., ചീഫ് എഞ്ചിനീയർക്ക് നൽകിയിരുന്നത്.<br><br>(1) ചീഫ് എഞ്ചിനീയർ, ഐ.ഡി.ആർ.ബി. ഒരു ഉദ്യോഗസ്ഥനെ നിയോഗിച്ച്, ടിയാന്റെ സാന്നിധ്യത്തിൽ കോൺട്രാക്ടർക്ക് സൈറ്റിൽ അവശേഷിച്ച നിർമ്മാണ സാമഗ്രികൾ നീക്കം ചെയ്യാനുള്ള നടപടികൾ പ്രാവർത്തികമാക്കണം.<br><br>(2) കോൺട്രാക്ടർക്ക് ഉണ്ടായ നഷ്ടം/ചെലവ്, എത്രയെന്നു വിലയിരുത്തണം.<br><br>മേൽ പറഞ്ഞ നടപടിക്രമങ്ങൾ Irrigation Design and Research Board (IDRB) സമയബന്ധിതമായി പൂർത്തീകരിച്ച് ഇത് സംബന്ധിച്ച റിപ്പോർട്ട് 14/11/2022-ന് ബഹു.ഹൈക്കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്.<br><br>18.11.2022 തീയതിയിലെ കോടതി ഉത്തരവ് പ്രകാരം പ്രസ്തുത പ്രവൃത്തി റീടെൻഡർ ചെയ്യാൻ അനുവാദം നൽകിയിട്ടുണ്ട്. അതിൻ പ്രകാരം പുതിയ നിരക്കിൽ പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ടെൻഡർ ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ